പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 145 — 21.1.2014-ന് മറുപടിക്ക്

## നഗരങ്ങളിലെ വാഹനത്തിരക്ക് നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എം. ഷാജി<br>" റ്റി. എ. അഹമ്മദ് കബീർ<br>" പി.ബി. അബ്ദുൾ റസാക്<br>" എം. ഉമ്മർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ വിശിഷ്യാ മെട്രോ നഗരങ്ങളിലെ വാഹനത്തിരക്കിന് പരിഹാരമായുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ ;

എങ്കിൽ വിശദമാക്കുമോ ;

എ) ഉണ്ട്. അത്യാധുനിക ലോഫ്ളോർ ബസുകൾ, മെട്രോ റെയിലുകൾ എന്നിവ ഉപയോഗപ്പെടുത്തി പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തിക്കൊണ്ട് വാഹനത്തിരക്ക് കുറയ്ക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതു കൂടാതെ,വാഹനങ്ങളുടെ പാർക്കിംഗിന് പ്രത്യേക സൗകര്യമൊരുക്കി നഗരങ്ങളിലെ വാഹനത്തിരക്ക് കുറയ്ക്കുന്നതിന് "Establishment of Improved Vehicle Parking Facilities" എന്ന ഒരു പുതിയ പദ്ധതിയും 2014-15ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി) മെട്രോ നഗരാതിർത്തിക്കുള്ളിൽ നഗരത്തിന് പുറത്തുനിന്നുള്ള വാഹനങ്ങൾക്ക് നിയന്ത്രണമേർപ്പെ ടുത്തുകയും അതിനു പകരമായി നഗരപരിധിക്കുള്ളിൽ കുറ്റമറ്റതും കാര്യക്ഷമവുമായ പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

ബി) ജെ.എൻ.എൻ.യു.ആർ.എം.പദ്ധതിയുടെ ആദ്യഘട്ടത്തിൽപ്പെടുത്തി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ ഗതാഗതത്തിനായി 80 എസി ലോഫ്ളോർ ബസുകളും, 240 നോൺ എസി ലോഫ്ളോർ ബസുകളും ലഭ്യമാക്കിയിരുന്നു. നഗരപരിധിയിലെ ഗതാഗതസംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് പ്രസ്തുത ബസുകൾ അനുവദിക്കുകയുണ്ടായത്. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കൂടുതൽ ബസുകൾ നഗരങ്ങളിലെ ഗതാഗതത്തിനായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സി) ഇതിനായി ജവഹർലാൽ നെഹ്റു ദേശീയ നഗര വികസന പദ്ധതി പ്രകാരമുള്ള വാഹനങ്ങൾ ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

സി) ജെ.എൻ.എൻ.യു.ആർ.എം.പദ്ധതിയിലുൾപ്പെടുത്തി അനുവദിക്കുന്ന ബസുകൾ ബന്ധപ്പെട്ട നഗരങ്ങളിലേയോ നഗരസ്വഭാവമുള്ള മേഖലകളിലേയോ ഗതാഗതം സുഗമമാക്കുന്നതിന് ലക്ഷ്യമിട്ടുള്ളവയാണ്.

സെക്ഷൻ ഓഫീസർ